എൻ. എം. ആർ. തൊഴിലാളികളുടെ പണിമുടക്ക്

* 285 [998] ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ:
,, ടി. കെ. രാമകൃഷ്ണൻ:
,, എം. സദാശിവൻ:
,, എസ്. ദാമോദരൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, എൻ. വാസുദേവൻ പിള്ള:
,, കെ. വി. ആര്യൻ:
,, ഇ. ബാലാനന്ദൻ:
,, ആർ. കൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻ. എം. ആർ. തൊഴിലാളികൾ ഒരു പണിമുടക്കു സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

പൊതുമരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) ഉണ്ട്. സമരം പിന്നീട് പിൻവലിക്കുകയും ചെയ്തിരിക്കുന്നു.

(ബി, സി) ഇതു സംബന്ധിച്ച് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സ് റിലീസിന്റെ കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്.†

ആറൻമുള കണ്ണാടി വ്യവസായം

* 286 [1000] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

സ്മാരം സ്കെയിൽ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധമായ ആറൻമുള കണ്ണാടി വ്യവസായം പുനരുദ്ധരിക്കുന്നതിനുള്ള സത്വര നടപടികൾ ദയവായി സ്വീകരിക്കുമോ ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്):

വ്യവസായ വകുപ്പിൽനിന്നും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകംതന്നെ 18 മാസത്തെ ഒരു പരിശീലനം 20 പേർക്കു കൊടുത്തുകഴിഞ്ഞിട്ടുണ്ട്. പരിശീലനം സിദ്ധിച്ചവരുടെ ഒരു സഹകരണ സംഘവും സംഘടിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തു കെട്ടിടങ്ങൾ

* 287 [1004] ശ്രീ. ജി. ഗോപിനാഥൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ :

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇന്നുള്ള പഞ്ചായത്തുകളിൽ എത്ര പഞ്ചായത്തുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട് ;

(ബി) അവയിൽ ഗവൺമെൻറിന്റെ സഹായമില്ലാതെ എത്ര കെട്ടിടങ്ങൾ പണിതിട്ടുണ്ട് ;

(സി) കെട്ടിടം പണിക്ക് ഗവൺമെൻറ് 1969 മാർച്ചിനുശേഷം എന്തെങ്കിലും തുക സഹായധനമായി കൊടുത്തിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ) :

(എ) 544 പഞ്ചായത്തുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്.

(ബി) 88 പഞ്ചായത്തുകൾ ഗവൺമെൻറിന്റെ സഹായമില്ലാതെ കെട്ടിടങ്ങൾ പണിതിട്ടുണ്ട്.

(സി) ഉണ്ട്. 100 പഞ്ചായത്തുകൾക്ക് 5,000 ക. (അയ്യായിരം) വീതം ആകെ 5 ലക്ഷം രൂപ സഹായധനമായി കൊടുത്തിട്ടുണ്ട്.

നിർമ്മാണം ആരംഭിച്ചിട്ടുള്ള മേജർ പാലങ്ങൾ

* 288 [1006] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള മേജർ പാലങ്ങൾ ഏതെല്ലാം ;

(ബി) ഇവ കൂടാതെ പുതുതായി വേറെ ഏതെങ്കിലും മേജർ പാലങ്ങളുടെ പണി ഈ വർഷം തുടങ്ങുമോ ?

പൊതുമരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ചില പുതിയ പാലങ്ങൾകൂടി പണിയുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ഒരു പട്ടിക താഴെ ചേർത്തിട്ടുണ്ട്.

ലിസ്റ്റ്

1. വളപട്ടണം പാലം.
2. പെരിങ്ങത്തൂർ പാലം.
3. പുന്നക്കടവു പാലം.
4. മരുതായി പാലം.
5. പാത്തിപ്പാലം.
6. പാറക്കടവു പാലം.
7. കൂടത്തായി പാലം.
8. മുത്താമ്പി പാലം.
9. പഴയങ്ങാടി പാലം.
10. തഴക്കര പാലം.
11. എടത്വാ പാലം.
12. പരുമല പാലം.
13. കരുമറ്റം പാലം.

LIBRARY ARCHIVES Kerala Legislative Assembly